**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് –ഡോ.അഞ്ജു ജോൺ,PEN:846189 അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.Letter No.DMOH-MLPM/11197/2024-A1 Dated:20.11.2024

2.കാരണം കാണിക്കൽ നോട്ടീസ് നം DHS/27547/2024-EA3 Dated :03.03.2025

3.ഡോ.അഞ്ജു ജോൺ സമർപ്പിച്ച അപേക്ഷ തീയതി 17.03.2025

**ഉത്തരവ് നം.DHS/27547/2024-EA3 തീയതി.07-06-2026**

(1)ഡോ.അഞ്ജു ജോൺ,PEN:846189 അസിസ്റ്റന്റ് സർജൻ തസ്തികയിൽ 04.10.2018 ന് ആരോഗ്യ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച വ്യക്തിയാണ്. മലപ്പുറം പാങ് കുടുംബാരോഗ്യകേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിൽ തുടരവെ 12.04.2019 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി.

(2)പ്രസ്തുത നോട്ടീസിന് പരാമർശം ( 3 ) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു. ആരോഗ്യപരമായ കാരണങ്ങളാൽ മെഡിക്കൽ ലീവിൽ

പ്രവേശിക്കേണ്ടിവന്നതായും ,തുടർന്ന് സേവനത്തിൽ തിരികെ പ്രവേശിക്കുവാൻ സാധിച്ചില്ല എന്നും അറിയിച്ചിട്ടുണ്ട് .തിരികെ പ്രവേശിക്കുവാൻ താൽപ്പര്യം ഉണ്ടെന്നും നിയമനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും മറുപടിയിൽ പരാമർശിച്ചിരിക്കുന്നു .ഡോ.അഞ്ജു ജോൺ ന്റെ മറുപടി വിശദമായി പരിശോധിച്ചു.വ്യക്തിപരമായ കാരണങ്ങളാലാണ് ടിയാൾ സേവനത്തിൽ നിന്നും വിട്ടുനിന്നത് എന്നുള്ളത് ടിയാളുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ് .അതിനാൽ കാരണം കാണിക്കൽ നോട്ടീസ് നു നൽകിയ മറുപടി തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു .

(3)ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

( 4 ) ടി സാഹചര്യത്തിൽ 12.04.2019 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.അഞ്ജു ജോൺ, അസിസ്റ്റന്റ് സർജന്റെ വർക്ക് ആൻ്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(5). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആൻ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് I I ചട്ടം 19 (a) (ii) പ്രകാരം ഡോ.അഞ്ജു ജോൺ, അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 07-06-2026
20:48:17

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്,

Dr.Anju John
D/O John P.D
Pooppadi (H)

Malappuram,PIN:676505

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),മലപ്പുറം
3. മെഡിക്കൽ ഓഫീസർ പ്രാഥമികാരോഗ്യകേന്ദ്രം പാങ് മലപ്പുറം

   (ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ